LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(ബി) ഇല്ല. അഗ്നിരക്ഷാ വകുപ്പ് ലഭ്യമാക്കേണ്ട ഔപചാരിക രേഖകൾ ലഭ്യമാക്കാതിരുന്നതിനാലാണ് കൈമാറ്റം നടക്കാതിരുന്നത്.

(സി) ട്രഷറി വകുപ്പിന്റെ അപേക്ഷ 2-6-2005-ലും അഗ്നിരക്ഷാ വകുപ്പിന്റെ അപേക്ഷ 16-11-2009-ലുമാണ് ലഭ്യമായിട്ടുള്ളത്. അഗ്നിരക്ഷാ വകുപ്പിന്റെ ഔപചാരിക ഭൂമി കൈമാറ്റ രേഖകൾ ലഭ്യമാകാത്തതുകൊണ്ടാണ് ഇതുവരെയായിട്ടും ഭൂമി കൈമാറ്റ നടപടി പൂർത്തിയാകാത്തത്.

കാലവർഷക്കെടുതി-ദുരിതാശ്വാസ നടപടികൾ

190(T3112) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം വീടുകൾ നശിച്ച കർഷകർക്ക് ദുരിതാശ്വാസ സഹായം എത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത ആവശ്യത്തിനായി എന്തു തുക വേണ്ടിവരുമെന്നും അറിയിക്കുമോ ;

(ബി) നാട്ടിക നിയോജകമണ്ഡലത്തിൽ വീടുകൾ നശിച്ച കർഷകർ ദുരിതാശ്വാസ സഹായം അഭ്യർത്ഥിച്ച് നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ പരിശോധിച്ച എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്നും ആയത് കർഷകർക്ക് ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കാലവർഷക്കെടുതിയിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായം നൽകുന്നുണ്ട്. വീടുകൾ നശിച്ച കർഷകർക്ക് മാത്രമായി ധനസഹായം അനുവദിക്കുന്നില്ല. അതുപോലെതന്നെ നിയോജക മണ്ഡലാടിസ്ഥാനത്തിലും ധനസഹായം അനുവദിക്കുന്നില്ല. നഷ്ട പരിഹാരത്തിനായുള്ള അപേക്ഷകൾ പരിശോധിച്ച് മാനദണ്ഡ പ്രകാരമുള്ള ധനസഹായം നൽകുന്നതാണ്.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.